## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2434** **09-12-2014 ലെ മറുപടിയ്ക്ക്**

**പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** കെ.എസ്.എഫ്.ഇ യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രൊഫഷണൽ എഡ്യൂ കെയർ ചിട്ടി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം എപ്രകാരമെന്ന് വ്യക്തമാക്കുമോ; | **ബി)** പ്രൊഫഷണൽ രംഗത്തെ പഠനം വളരെ ചിലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് പ്രൊഫഷണൽ എഡ്യൂ കെയർ ചിട്ടി പദ്ധതി. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യം കൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ നൽകിയിട്ടുള്ള ഒരു സേവിംഗ് പോട്ടിൽ നിക്ഷേപിക്കുകയും ആയത് അതാത് സ്കൂൾ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000,3000,5000, രൂപ നിരക്കിൽ 30,40,60,70,80,90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നു കൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഇതിനായി കെ.എസ്.എഫ്.ഇ യുടെ 7 മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 7 ശാഖകളിൽ ഈ പദ്ധതി പരീക്ഷണാ - |

ടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ ശാഖകളിലേക്ക് താമസിയാതെ വ്യാപിപ്പിക്കുന്നതാണ്. ചിട്ടിപിടിച്ചശേഷം ചിട്ടിയുടെ കാലാവധി തീരുന്നത് വരെ അതായത് കുട്ടിയുടെ +2 വിദ്യഭ്യാസം കഴിയുന്നത് വരെ കെ.എസ്. എഫ്. ഇ യുടെ CSDT എന്ന സ്ഥിര നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്നതാണ്. പ്രസ്തുത നിക്ഷേപത്തിന് സാധാരണ സ്ഥിര നിക്ഷേപത്തിൽ നിന്നും അധികമായി പലിശ നൽകുന്നതായിരിക്കും. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമ പ്രകാരം തന്നെയാണ് നടപ്പിലാക്കുക.

**സി)** കെ.എസ്.എഫ്.ഇ യുടെ ഏതെല്ലാം ശാഖയിലാണ് ഈ പദ്ധതി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

**സി)**

| ശാഖ | | ജില്ല |
|---|---|---|
| വഴുതക്കാട് | - | തിരുവനന്തപുരം |
| വടയാറ്റുകോട്ട | - | കൊല്ലം |
| കാഞ്ഞിരപ്പള്ളി | - | കോട്ടയം |
| പാലാരിവട്ടം | - | എറണാകുളം |
| ചെമ്പുക്കാവ് | - | തൃശ്ശൂർ |
| മലപ്പുറം | - | മലപ്പുറം |
| പയ്യന്നൂർ | - | കണ്ണൂർ |

**ഡി)** പ്രസ്തുത പദ്ധതി ഏതെല്ലാം ശാഖകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഡി)** പദ്ധതി കൂടുതൽ ശാഖകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ